## 'മരപ്പാവക'ളും
## മറ്റ് പ്രധാന കഥകളും
### കാരൂർ

'വിശേഷമായി തനിക്കു തോന്നിയ കാഴ്ചയെക്കുറിച്ച് അന്യരോടു പറയാനുള്ള ആശ എല്ലാവരിലും സഹജമായിട്ടുണ്ട്. അത് തന്നെ കണ്ടിട്ടുള്ളവരോടുപോലും പറഞ്ഞു കേൾപ്പിക്കാൻ പലർക്കും മോഹമുണ്ടാകും. നിങ്ങൾ കണ്ടതിനെക്കാൾ നല്ലതുപോലെ ഞാൻ കണ്ടിരിക്കുന്നു എന്നാണ് വക്താവിന്റെ വിശ്വാസം. അഹന്തതന്നെ. കണ്ടതിലും കേട്ടതിലും പ്രകടമാകാത്ത വസ്തുതകൾ തീർച്ചയായും ഉണ്ടായിരിക്കും. അവയെന്തൊക്കെയായിരിക്കും എന്നു മറ്റു പലരെയുംപോലെ ഞാനും അന്വേഷിക്കാറുണ്ട്. അത് കണ്ടുകിട്ടുമ്പോൾ അതിനാകും പ്രത്യക്ഷത്തിൽ കണ്ടതിനെക്കാൾ പ്രാധാന്യം. അതാണ് സത്യം. ആ സത്യം വെളിപ്പെടുത്താനുള്ള യത്നമാണ് കഥാരചന. മനുഷ്യജീവിതത്തിലെ ഒരംശത്തിന്റെ വ്യാഖ്യാനം. അഹന്തയുടെ പ്രേരണകൊണ്ട്, കഥ മറ്റുള്ളവർ വായിക്കണമെന്നും അവരിൽനിന്നു പ്രശംസ കിട്ടണമെന്നും ആഗ്രഹിക്കുന്നു. നല്ലത് എന്നു കേൾക്കുമ്പോൾ പിന്നെയും അതു കേൾക്കാൻ മോഹമുണ്ടാകുന്നു! അങ്ങനെ ഞാനെഴുതുന്നത് അഹംബുദ്ധി പ്രേരിപ്പിച്ചിട്ട് ജീവിതസത്യങ്ങൾ വെളിപ്പെടുത്താനും അഭിനന്ദനം നേടാനും എന്നു പറയാം.'

DCB ഡി സി ബുക്സ്
www.dcbooks.com
ചെറുകഥ
കവർ ഡിസൈൻ
ഡിസൈൻ
ഡിഫറൻസ്
ISBN 81-264-0564-3
9 788126 405640 00010
₹ 180
E-book Available

കാരൂർ • 'മരപ്പാവക'ളും മറ്റ് പ്രധാന കഥകളും

ഡി സി ബുക്സ്

10-ാം പതിപ്പ്



# കാരൂർ

# 'മരപ്പാവക'ളും മറ്റ് പ്രധാന കഥകളും

DCB

| നവോത്ഥാനകഥകൾ |

2566

# 'മരപ്പാവകളും മറ്റ് പ്രധാന കഥകളും'


**കെ എൽ എഫ്, കേരളസംസ്കാരം**

1957-ൽ കോട്ടയത്ത് അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യ പരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരി കോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരിക വളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തക ങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെ മുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹ ത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകർന്ന്, കേരള ത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തി ലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ സാഹിത്യവർത്തമാനങ്ങൾ... **dcink.in**

## കാരൂർ നീലകണ്ഠപ്പിള്ള
(1898–1975)

1898 ഫെബ്രുവരി 22–ന് കോട്ടയത്തിനടുത്ത് ഏറ്റുമാനൂരിൽ ജനിച്ചു. സർക്കാർ സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1932–ൽ സാഹിത്യ രംഗത്തു പ്രവേശിച്ചു. ആദ്യകഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ 'ഭൃത്യവാത്സല്യം'. ഇരുന്നൂറിൽപ്പരം ചെറുകഥകളും *ഗൗരി, ഹരി, പഞ്ഞിയും തുണിയും* എന്നീ നോവലുകളും പത്ത് ബാലസാഹിത്യകൃതികളും *അപ്പുപ്പൻ* എന്ന ലഘുനാടകവുമാണ് സാഹിത്യസംഭാവനകൾ. *ആനക്കാരൻ* (ബാല സാഹിത്യം) 1959–ലും *മോതിരം* (കഥാസമാഹാരം) 1968–ലും കേരളസാഹിത്യ അക്കാദമി അവാർഡ് നേടി. 1945–ൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിനു രൂപം കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. തുടക്കം മുതൽ 1965 വരെ അതിന്റെ സെക്രട്ടറിയായിരുന്നു. 1975 സെപ്റ്റംബർ 30–ന് അന്തരിച്ചു.

### കാരൂരിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

***ചെറുകഥ:*** കാരൂരിന്റെ 33 കഥകൾ, 'മരപ്പാവക'ളും മറ്റ് പ്രധാന കഥകളും
***ബാലസാഹിത്യം:*** അഴകനും പൂവാലിയും
***നോവൽ:*** ഗൗരി

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

നവോത്ഥാന കഥകൾ

# 'മരപ്പാവകളും മറ്റ് പ്രധാന കഥകളും'

## കാരൂർ നീലകണ്ഠപിള്ള

എഡിറ്റർ

**ഡോ. കെ.എസ്. രവികുമാർ**

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
'Marappavaka'lum Mattu Pradhana Kathakalum
SHORT STORY
*by* Karoor Neelakandapillai
Rights Reserved
First Published January 2003
This edition - July 2025

P-ISBN: 81-264-0564-3

Distributors : D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Neelakandapillai, Karoor.
Marappavakalum mattu pradhana kathakalum/
Karoor Neelakandapillai.
128 p., 21 cm. (Navodhana Kathakal).
ISBN 81-264-0564-3.
Editor: K.S. Ravikumar.
I. Malayalam story. I. Title. II. Series. III. Ravikumar, K. S.
894.812 301 – dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

766/25-26-Sl.No. 28755-dcb 2598-(10)-200(F)-5269-07-25-spb 70-T4-e pk-d(t) jo

മലയാള കഥാസാഹിത്യത്തിന്റെ നവോത്ഥാന കാലഘട്ടത്തിൽ കഥയുടെ പരിവർത്തനത്തെ രൂപപ്പെടുത്തുകയും കഥാഗതിയെയും കാലത്തെയും വെല്ലുവിളിച്ചുകൊണ്ട് അക്ഷരഗോപുരങ്ങളായി നിലകൊള്ളുകയും ചെയ്യുന്ന എഴുത്തുകാരിൽ പ്രധാനികളായ പത്തുപേരുടെ കഥകളാണ് 'നവോത്ഥാന കഥാപരമ്പര'യിൽ 2003-ൽ പ്രസിദ്ധീകരിച്ചത്. കാരൂർ, ദേവ്, ബഷീർ, അന്തർജ്ജനം, പൊൻകുന്നം വർക്കി, കെ. സരസ്വതിയമ്മ, തകഴി, പൊറ്റെക്കാട്ട്, ഉറൂബ്, ടി.കെ.സി. വടുതല എന്നീ പ്രമുഖ കഥാകൃത്തുക്കൾ ഒരു പൊതുഭാവുകത്വം പങ്കുവയ്ക്കുകയും സ്വന്തം കഥാലോകങ്ങൾ സൃഷ്ടിക്കുകയും ചെയ്തവരാണ്. ഈ രാജശില്പികളുടെ ചെറുകഥകൾ പുതിയ തലമുറയിലെ കഥാതത്പരർക്കായി അവതരിപ്പിക്കുകയാണ് ഡി സി ബുക്സ്.

കഥാശില്പത്തിന്റെ ബന്ധദാർഢ്യവും അല്പഭാഷണത്തിന്റെ ധ്വനിസാധ്യതയും മലയാളകഥയ്ക്ക് നേടിത്തന്ന കഥാകൃത്താണ് നവോത്ഥാന കഥാകാരന്മാരിൽ പ്രമുഖനായ കാരൂർ നീലകണ്ഠപ്പിള്ള. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കഥകൾ സമാഹരിച്ചിരിക്കുന്ന ഈ പുസ്തകത്തിന്റെ പുതിയ പതിപ്പാണിത്.

# കാരൂർ നീലകണ്ഠപ്പിള്ള

(1898–1975)

കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ 1898 ഫെബ്രുവരിയിൽ ജനിച്ചു. അച്ഛൻ: നീലകണ്ഠപ്പിള്ള. അമ്മ: കുഞ്ഞീലിഅമ്മ. വെച്ചൂർ സ്കൂളിലാണ് വിദ്യാഭ്യാസം ആരംഭിച്ചത്. 15–ാം വയസ്സിൽ ഏറ്റുമാനൂർ മലയാളം സ്കൂളിൽനിന്ന് ഏഴാംക്ലാസ്സ് പാസ്സായി. അതേത്തുടർന്ന് സർക്കാർ സ്കൂളിൽ പ്രൈവറ്റായി പഠിച്ച് മലയാളം ഹയർ പാസ്സായി.

സർക്കാർ സ്കൂൾ അദ്ധ്യാപകർ ചേർന്നു രൂപീകരിച്ച അദ്ധ്യാപക മഹാസഭയുടെ നേതാക്കളിലൊരാളായിരുന്നു കാരൂർ നീലകണ്ഠപ്പിള്ള. 1923–ൽ സഭ സമ്മേളിച്ച് ശമ്പളക്കൂടുതൽ ആവശ്യപ്പെട്ടതിന്റെ പേരിൽ കാരൂരിനെ സർവ്വീസിൽനിന്ന് പിരിച്ചുവിട്ടു. പിന്നീട് തിരിച്ചെടുത്തു. ഈ ഇടവേളയിൽ ആയുർവ്വേദം പഠിച്ചു. കുറെക്കാലം കേരോല്പന്ന വിപണനവും നടത്തി. ഈ കാലത്താണ് സഹകരണപ്രസ്ഥാനത്തിൽ ആകൃഷ്ടനായത്. അദ്ധ്യാപകനായി പുനർനിയമനം ലഭിച്ചതിനുശേഷവും കുറെക്കാലം അവധിയെടുത്ത് മറ്റ് പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 1953 ഫെബ്രുവരിയിൽ സ്കൂൾ സർവ്വീസിൽനിന്ന് കാരൂർ പെൻഷൻ പറ്റി.

1932–ലാണ് കാരൂരിന്റെ ആദ്യത്തെ ചെറുകഥ പ്രസിദ്ധീകരിച്ചത്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന 'ഭൃത്യവാത്സല്യ'മാണ് ആ കഥ. 'എം. എൻ. നായർ മാസിക', 'ചിത്രോദയം' എന്നിവയിൽ അദ്ദേഹം ധാരാളം ചെറുകഥകളെഴുതി. 1945–ൽ കാരൂർ മുൻകൈ എടുത്ത് സാഹിത്യ പ്രവർത്തക സഹകരണ സംഘം തുടങ്ങി. 1965 വരെ അദ്ദേഹം അതിന്റെ സെക്രട്ടറിയായി തുടർന്നു. ഏഷ്യയിലെ ഏറ്റവും വലിയ പ്രസാധന സ്ഥാപനമായി അതിനെ വളർത്തിയതിൽ അദ്ദേഹത്തിന് പ്രധാന പങ്കുണ്ട്.

നോവലുകളും ബാലസാഹിത്യകൃതികളും രചിച്ചിട്ടുണ്ടെങ്കിലും ചെറുകഥാകൃത്തെന്ന നിലയിലാണ് കാരൂർ മലയാള സാഹിത്യത്തിൽ സ്ഥാനമുറപ്പിച്ചത്. 'ആനക്കാരൻ' എന്ന ബാലസാഹിത്യകൃതിക്ക് 1959–ലും 'മോതിരം' എന്ന ചെറുകഥാസമാഹാരത്തിന് 1968–ലും കേരള സാഹിത്യ അക്കാദമി അവാർഡു ലഭിച്ചു. 'അഞ്ചുകടലാസ്സ്' എന്ന ബാലസാഹിത്യകൃതി 'പൂമ്പാറ്റ' എന്ന പേരിൽ ചലച്ചിത്രമായിട്ടുണ്ട്.

1930–ൽ കാരൂർ വിവാഹിതനായി. ഭാര്യ ഭവാനിയമ്മ. കഥാകാരിയായ ബി. സരസ്വതി ഉൾപ്പെടെ രണ്ടു പെൺമക്കൾ. 1975 സെപ്തംബർ 30–ന് കാരൂർ അന്തരിച്ചു.

കാരൂർ നീലകണ്ഠപ്പിള്ളയുടെ കൈപ്പട



# ആമുഖം

കേവലം വായനാവിഭവം എന്നതിൽക്കവിഞ്ഞ് ജീവിതത്തിന്റെ ആഴവും സങ്കീർണ്ണതയും അനുഭവിപ്പിക്കാൻ കഴിയുന്ന സാഹിത്യ രൂപമായി മലയാള ചെറുകഥയെ മാറ്റിയെടുത്ത എഴുത്തുകാര നാണ് കാരൂർ നീലകണ്ഠപ്പിള്ള. പുറമേ ലളിതവും സാധാരണ വുമെന്ന് തോന്നിപ്പിക്കുന്ന രചനകൾകൊണ്ട് മനുഷ്യാവസ്ഥയി ലേക്ക് അദ്ദേഹം അഗാധമായ ഉൾക്കാഴ്ച്ച പകർന്നു. കഥയുടെ വാങ്മയപരിധിയെ അതിവർത്തിക്കുന്ന ജീവിതസത്യത്തിന്റെ ഘനസാന്നിദ്ധ്യം അവയിലുണ്ട്. പാശ്ചാത്യ സാഹിത്യത്തിൽനിന്ന് സംക്രമിച്ചെത്തിയ ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ കലാ തന്ത്രം ഏറ്റവും മികവോടെ പ്രയുക്തമാക്കിയ നവോത്ഥാനകാല കഥാകൃത്താണ് കാരൂർ. ഭാവസൂക്ഷ്മതയും ശില്പദക്ഷതയും ഒട്ടും പ്രകടനാത്മകമല്ലാതെ ആ ചെറുകഥയിൽ സമന്വയിച്ചു. തന്റെ സമകാലികരായ മറ്റു കഥാകാരന്മാർ മിക്കവർക്കും ഉണ്ടാ യിരുന്ന ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം കാരൂരിന് ഇല്ലായിരുന്നു. എങ്കിലും പാശ്ചാത്യമാതൃകയിൽ ഉള്ള ചെറുകഥ എന്ന സാഹി ത്യരൂപത്തിന്റെ ഏകാഗ്രവും സംക്ഷിപ്തവുമായ ശില്പസ്വഭാവം അക്കൂട്ടത്തിൽ ഏറ്റവും നന്നായി പ്രകാശിപ്പിച്ചത് അദ്ദേഹമാണ്. ഏതു മാനദണ്ഡം വെച്ചളന്നാലും കാലത്തിന്റെ പരീക്ഷണത്തെ അതിജീവിക്കുവാൻ ശക്തിയുള്ള കഥകൾ ആ തലമുറയിൽ ഏറ്റവും കൂടുതൽ എഴുതിയതും കാരൂർ തന്നെ.

തനിക്ക് പരിചിതമായ ലോകവും മനുഷ്യരും അവസ്ഥകളുമാണ് കാരൂർ കഥാവിഷയമാക്കിയത്. നിസ്വരും ദുഃഖിതരും ഭൗതിക ജീവിതപ്രശ്നങ്ങളാൽ ഉഴലുന്നവരുമായ ഗ്രാമീണമനുഷ്യർ. അവരുടെ സുഖദുഃഖങ്ങളും ജയപരാജയങ്ങളും അതിജീവനവും ദുരന്തവുമെല്ലാം നിയന്ത്രിതമായ വികാരാത്മകതയോടെ അദ്ദേഹം ചെറുകഥകളിൽ അവതരിപ്പിച്ചു. അവരുടെ ജീവിതദുരിതങ്ങൾക്കു പിന്നിലെ പ്രധാനപ്പെട്ട കാരണം സാമ്പത്തികം തന്നെ. ആ യാഥാർ ത്ഥ്യത്തെ കേന്ദ്രീകരിച്ചുകൊണ്ട് പ്രൈമറിസ്കൂൾ അദ്ധ്യാപക നെന്ന നിലയിൽ താൻ അനുഭവിക്കുകയും അറിയുകയും ചെയ്ത കാര്യങ്ങളാണ് പ്രസിദ്ധമായ 'വാദ്ധ്യാർകഥ'കളിലുള്ളത്. അദ്ധ്യാ പകൻ അനുഭവിക്കുന്ന സാമ്പത്തികക്ലേശവും അയാൾ പുലർ

ത്തേണ്ട സാമൂഹിക മാന്യതയും കൂടി സൃഷ്ടിക്കുന്ന വൈരുദ്ധ്യാത്മകമായ അവസ്ഥയുടെ ഒരേസമയം ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്യുന്ന ചിത്രങ്ങൾ അവയിലുണ്ട്. അവയിൽ മാത്രമല്ല, കാരൂരിന്റെ നല്ലൊരു പങ്ക് കഥകളുടെ പ്രമേയത്തിലും സാമ്പത്തിക പ്രശ്നങ്ങൾ അന്തർഹിതമായിട്ടുണ്ട്. അക്കാലത്ത് പ്രഭാവിതമായിരുന്ന പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ മുന്നണിയിൽനിന്ന് എഴുത്തുകാർ നിർവ്വഹിച്ചതിനെക്കാൾ ഫലപ്രദമായി സാമ്പത്തികാനീതിജന്യമായ ജീവിത വൈരുദ്ധ്യങ്ങളെ കാരൂർ കലാത്മകമായി ചിത്രീകരിച്ചു. എന്നാൽ കഥയിൽ പ്രചരണപരമായ വിശദീകരണങ്ങളും വിവരണങ്ങളും നല്കിക്കൊണ്ടല്ല, ജീവിതാവസ്ഥയുടെ ദൈന്യവും അതിലുൾപ്പെട്ട മനുഷ്യരുടെ സംഘർഷങ്ങളും മിതത്വത്തോടെ ധ്വന്യാത്മകമായി അവതരിപ്പിച്ചുകൊണ്ടാണ് അത് സാധ്യമാക്കിയത്. ഒപ്പം അനന്ത വൈചിത്ര്യമാർന്ന ജീവിതത്തിന്റെ മൗലിക സമസ്യകൾ പലതും കാരൂരിന്റെ ചെറുകഥകളിൽ പ്രമേയമാകുന്നുണ്ട്. മനുഷ്യപ്രകൃതിയുടെ ഒരുപാട് വൈവിധ്യങ്ങളെ മനുഷ്യമനസ്സിന്റെ പ്രവചനാതീതമായ ചലനപ്രതിചലനങ്ങളെ ഒക്കെ അത് സാന്ദ്രമായി ആവിഷ്കരിക്കുന്നു. അവയിലെല്ലാം അഗാധശ്രുതിയായി പുലരുന്ന ഗ്രാമീണമായ നന്മയുടെയും ധാർമ്മികാവബോധത്തിന്റെയും ധ്വനികളുണ്ട്. കേരളീയന്റെ സാംസ്കാരികമായ വേരുകളെക്കുറിച്ചുള്ള പരോക്ഷമായ ബോധ്യം അവയുടെ മറ്റൊരു വിതാനമാണ്. ഈ തലത്തെ മൂർത്തമാക്കുന്ന ചില ചെറുകഥകൾക്ക് പുരാവൃത്തസമാനമായ ശില്പസാന്ദ്രത കൈവന്നിട്ടുണ്ട്.

ജീവിതാവസ്ഥയുടെ ഭൗതികമാനങ്ങളെയും മനുഷ്യവികാരങ്ങളുടെ അഗാധവും സങ്കീർണ്ണവുമായ തലങ്ങളെയും കഥാശില്പത്തിലൊതുക്കിയ കാരൂർ രചനയിൽ സൂക്ഷ്മമായ നർമ്മബോധം പുലർത്തി. ചിലപ്പോഴത് ഐറണിയുടെ തലത്തിലേക്ക് വികസിച്ചു. സംഭാഷണരചനയിലാണ് ഈ രചനാവൈദഗ്ദ്ധ്യം ഏറ്റവും പ്രകടമാകുന്നത്. ഘനീഭൂതമായ കരുണവും നിലീനമായ രതിയും അവയിൽ അതീവ പ്രച്ഛന്നമായ അന്തർധാരയായി. അവയെല്ലാം തികഞ്ഞ കയ്യടക്കത്തോടെ കഥാശില്പത്തിന്റെ മിനിയേച്ചർ രൂപത്തിനുള്ളിൽ ഒതുക്കിയെടുത്തു. സാധാരണത്വത്തിന്റെ ആവരണത്തിനുള്ളിൽ ആന്തരികമായ ഒരു മാന്ത്രികത അവയിൽ പ്രസരിച്ചു നില്ക്കുന്നുണ്ട്.

യഥാതഥമായ ആഖ്യാനസങ്കേതത്തിന്റെ സാദ്ധ്യതകളിൽ ഉറച്ചുനിന്നാണ് കാരൂർ കഥാരചന ആരംഭിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ മികച്ച ചെറുകഥകളിലെല്ലാം അതിനപ്പുറത്തേക്ക് മെല്ലെ ചുടവുവയ്ക്കുന്നതു കാണാം. വായ്മൊഴി പാരമ്പര്യത്തിന്റെ ആഖ്യാനസാദ്ധ്യതകൾ കാരൂരിന്റെ കഥാരചനയെ പ്രചോദിപ്പിച്ചിട്ടുണ്ട്. ഐതിഹ്യങ്ങളുടെയും സാരോപദേശകഥകളുടെയും സംക്ഷിപ്ത സ്വരൂപം അവയിൽ പലതിലും സന്നിഹിതമായിട്ടുണ്ട്. ചില കഥകൾക്ക് നേർത്ത പ്രതീകാത്മകതയുടെ സ്പർശമുണ്ടാകുന്നു. ഇത്തരത്തിലുള്ള സാദ്ധ്യതകളെ സ്വാംശീകരിക്കുമ്പോഴും ചെറുകഥയുടെ അടിസ്ഥാനസ്വഭാവം നിലനിറുത്തുന്നു എന്നതും ശ്രദ്ധേയം. രചനാപരമായ ഈ മികവാണ് യഥാതഥമായ ജീവിതചിത്രങ്ങൾക്കുപോലും ഒരു അതീതമാനം നല്കുന്നത്.

കാലത്തിന്റെ സ്പർശംകൊണ്ട് ക്ലാവുപിടിക്കാത്തവയാണ് കാരൂരിന്റെ കഥാശില്പങ്ങൾ. ഏതുകാലത്തെ വായനയെയും അർത്ഥസാന്ദ്രമാക്കാനുള്ള ആന്തരികോർജ്ജം അവയ്ക്കുണ്ട്. ഈ സവിശേഷതയാണ് ആനുകാലിക പ്രവണതകളെയും പ്രസ്ഥാനങ്ങളെയും അതിജീവിച്ചുകൊണ്ട് കാലാന്തരത്തിലും പുതുമയോടെ പുലരാൻ അവയ്ക്ക് പ്രാപ്തി നല്കുന്നത്.

ഡോ. കെ.എസ്. രവികുമാർ

## ഉള്ളടക്കം


മരപ്പാവകൾ ...... 15

ഉതുപ്പാന്റെ കിണർ ...... 24

കാൽ ചക്രം ...... 29

പൂവമ്പഴം...... 36

വള്ളക്കാരൻ...... 44

ചെകുത്താൻ...... 53

മോതിരം ...... 61

സേഫ്റ്റിപിൻ...... 69

അരഞ്ഞാണം ...... 76

കുട നന്നാക്കാനുണ്ടോ...... 86

ചുടലത്തെങ്ങ്...... 96

അമ്പലപ്പറമ്പിൽ ...... 106

എഴുന്നള്ളത്തു ഡ്യൂട്ടി ...... 114

പിശാചിന്റെ കുപ്പായം...... 123